പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2641 06.02.2018-ന് മറുപടിയ്ക്ക്

## വനഭൂമി കയ്യേറ്റം ഒഴിപ്പിക്കൽ

**ചോദ്യം**

ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

**മറുപടി**

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 1977 ജനുവരി 1 ന ശേഷമുള്ള, എത്രത്തോളം ഹെക്ടർ വനഭൂമി കൈയ്യേറ്റം ഒഴിപ്പിക്കാനുണ്ടെന്നാണ് കരുതപ്പെട്ടിട്ടുള്ളത്; | (എ) | ഒ.പി. നം. 18467/02 നമ്പർ കേസിൽ 27.10.2012 തീയതിയിൽ സർക്കാർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലമനുസരിച്ച് 7289.3377 ഹെക്ടർ വനഭൂമിയാണ് 01.01.1977 ന് ശേഷം ഒഴിപ്പിക്കാനുള്ളതായി കണക്കാക്കിയിരുന്നത്. |
| (ബി) | ഈ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളിന്മേൽ ബഹു:ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 04.09.2015 ന് ഒ.പി.നം.18467/02, ഒ.പി.നം.1947/03 നമ്പർ കേസുകളിൽ പൊതുവായി ബഹു.ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ട്. കേരള ലാന്റ് കൺസർവൻസി ആക്ട് (1957), കേരള ഫോറസ്റ്റ് ആക്ട് (1961) എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ടി പ്രവൃത്തി കോടതി വിധി കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനകം ആരംഭിച്ച് അടുത്ത 6 മാസത്തിനകം പൂർത്തീകരിക്കുന്നതിനും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവിന്മേൽ ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വനഭൂമി കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനും പുതിയ കയ്യേറ്റങ്ങൾ തടയുന്നതിനും വനം വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (സി) | പ്രസ്തുത ഉത്തരവ് പ്രകാരം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.<br>2) ഏതാനും സ്ഥലങ്ങളിൽ വനം കൈയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.<br>3) 04.09.2015 ലെ ബഹു.ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല. |

| | | |
|---|---|---|
| | | വനം കൈയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**